No.CEE/2669/2016/3LLB /TA2

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## പത്രക്കുറിപ്പ്

## ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനം–2016 റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രസിദ്ധീകരിച്ചു

2016-ലെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി 04.09.2016 ൽ നടന്ന പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവരുടെ റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രസിദ്ധീകരിച്ചു.

പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 10% മാർക്ക് നേടിയ ജനറൽ / എസ്.ഇ.ബി.സി വിഭാഗക്കാരും, കുറഞ്ഞത് 5% മാർക്ക് നേടിയ എസ്.സി /എസ്.റ്റി വിഭാഗക്കാരും മാത്രമാണ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളത്. [പ്രോസ്പെക്ടസ് ഖണ്ഡിക 12(v) ].

പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെയും അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളുടേയും അടിസ്ഥാനത്തിലാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കാറ്റഗറി സംബന്ധിച്ച് പരാതി ഉള്ളവർ അത് **30.09.2016 വൈകുന്നേരം 5** മണിക്കു മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
26.09.2016